അംബിക എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്താൻ നിവേദനം

936 [1123] ശ്രീ. കെ. പുരുഷോത്തമൻ: താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് വിദ്യാഭ്യാസ ജില്ലയിലുള്ള അംബിക എ. എൽ. പി. സ്കൂൾ, യു. പി. സ്കൂളായി ഉയർത്തുന്നതിന് നിവേദനങ്ങൾ കിട്ടിയിട്ടുണ്ടോ;

(ബി) 1970-ൽ ചന്ദ്രഭാനു കമ്മീഷൻ ഈ എൽ. പി. സ്കൂൾ യു. പി. സ്കൂളായി ഉയർത്തുന്നതിന് ശുപാർശ ചെയ്തിട്ടുണ്ടോ;

(സി) ഈ സ്കൂൾ യു. പി. സ്കൂളായി ഉയർത്തുന്നതിന് നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ, ബി) ഉണ്ട്.

(സി) ഏഴാം പദ്ധതിക്കാലത്ത് പുതിയതായി എയിഡഡ് സ്കൂളുകൾ തുടങ്ങുകയോ അപ്ഗ്രേഡ് ചെയ്യുകയോ വേണ്ട എന്നാണ് ഗവൺമെൻറിന്റെ ഇപ്പോഴത്തെ തീരുമാനം. അംബിക എൽ. പി. സ്കൂൾ എയിഡഡ് സ്കൂളായതിനാൽ ഈ സ്കൂൾ അപ്ഗ്രേഡ് ചെയ്യാൻ ഇപ്പോൾ നിർവ്വാഹമില്ല.

വെള്ളിയോട് ഗവൺമെൻറ് യു. പി. സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്താൻ നടപടി

937 [1124] ശ്രീ. കെ. ടി. കണാരൻ: താഴെ കാണുന്ന ചോദ്യത്തിന് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം സബ്ജില്ലയിലെ വെള്ളിയോട് ഗവൺമെൻറ് യു. പി. സ്കൂൾ ഒരു ഹൈസ്കൂളായി ഉയർത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

ഇക്കാര്യം ഗവൺമെൻറിന്റെ പരിഗണനയിലിരിക്കുകയാണ്.

അൺഎയിഡഡ് റെക്ഗ്നൈസ്ഡ് സ്കൂളുകൾ അനുവദിക്കുന്നതിനുള്ള പൊതുമാനദണ്ഡം

938 [1126] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അൺഎയിഡഡ് റെക്ഗ്നൈസ്ഡ് സ്കൂളുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും പൊതുമാനദണ്ഡം നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly